കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

## ബലാത്സംഗ വിരുദ്ധചിന്തകൾ ജിഷാവധത്തിന്റെ പശ്ചാത്തലത്തിൽ

**ജിഷയുടെ** മരണത്തിനുത്തരവാദികളെ ഉടൻ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരേണ്ടത് അടിയന്തിരപ്രാധാന്യമുള്ള സംഗതിയാണ്. അതോടൊപ്പം തന്നെ, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്ക് സ്ഥായിയായ സാമൂഹിക പരിഹാരങ്ങളെന്ത് എന്നും, അവ നടപ്പിലാക്കാനുള്ള സാധ്യതകൾ എത്രത്തോളം നിലനിൽക്കുന്നു എന്നുമുള്ള ഗൗരവപൂർണ്ണമായ അന്വേഷണങ്ങളും പ്രവർത്തനങ്ങളും വേണ്ടതുണ്ട്. ബലാത്സംഗം എന്നത് കൊലപാതകം പോലെത്തന്നെ നിസ്സഹായാവസ്ഥയിലാക്കപ്പെട്ട ഒരു വ്യക്തിയുടെ മേലുള്ള അധികാര ദുർവിനിയോഗവും ക്രൂരമായ ഹിംസയുമാണ്. വംശം, ജാതി, വർഗം, ലൈംഗികത, പ്രായം, സാമർത്ഥ്യം എന്നിവയുടെയും മറ്റും അടിസ്ഥാനത്തിൽ പദവി കുറഞ്ഞവരെ ഭീഷണിപ്പെടുത്താനോ, അവഹേളിക്കാനോ, നിയന്ത്രിച്ചു ചൊൽപ്പടിയിൽ നിർത്താനോ വേണ്ടി അധികാരമുള്ളവർ പ്രയോഗിക്കുന്ന നികൃഷ്ടമായ ഒരു തന്ത്രമാണത്. സ്ത്രീകളും കുട്ടികളുമാണ് ഇതിനു മിക്കപ്പോഴും ഇരയാകുന്നത്; സമൂഹത്തിൽ അവർക്ക് താരതമ്യേന കുറഞ്ഞ അധികാരവും താഴ്ന്ന പദവിയും മാത്രമേ നല്കപ്പെടുന്നുള്ളൂ എന്നതാണ് കാരണം. സ്ത്രീപുരുഷബന്ധങ്ങൾ സമത്വാധിഷ്ടിതമോ അല്ലാത്ത സമൂഹത്തിൽ സ്ത്രീകളോട് അവഹേളനാത്മകവും ധിക്കാരം കലർന്നതുമായ മനോഭാവമാണ് മിക്ക പുരുഷന്മാരും വച്ചുപുലർത്തുന്നത്.

ക്രൂരമായ ബലാത്സംഗങ്ങളും നിസ്സഹായരായ പെൺകുട്ടികളുടെ മരണങ്ങളും നടക്കുമ്പോൾ മാത്രമാണ് ഈ സാമൂഹിക തിന്മയ്ക്കെതിരെയുള്ള പ്രതികരണങ്ങൾ ഉണരുന്നത്. നിർഭയയും സൗമ്യയും ഒടുവിലിപ്പോൾ ജിഷയും വധിക്കപ്പെട്ടപ്പോൾ പുരുഷ മലയാളിയുടെ ധാർമികരോഷം സടകുടഞ്ഞു എഴുന്നേറ്റിരിക്കുന്നു. ഞെട്ടലും പ്രതികാരവാഞ്ഛയും അതിൽനിന്നുളവാകുന്ന ആക്രോശങ്ങളും മാധ്യമങ്ങളിൽ നിറയുന്നു. ഇത്തരക്കാരെപൊതുസ്ഥലത്ത് ചുട്ടുകൊല്ലണം; തൂക്കിലേറ്റണം; അവരുടെ ലിംഗം അറുത്ത് ഇഞ്ചിഞ്ചായി വധിക്കണം എന്നൊക്കെയുള്ള പ്രാകൃതമായശിക്ഷാവിധികളും പലരും നിർദേശിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽശിക്ഷ കുറഞ്ഞു പോയതും നിയമത്തിന്റെ കാർക്കശ്യം കുറഞ്ഞുപോയതും വക്കീലന്മാരുടെ കഴിവും, ജയിലുകളിലെ സുഖകരമായചുറ്റുപാടുകളും ഒക്കെ ചേർന്നാണ് കുറ്റം ആവർത്തിക്കുന്നതിനു പ്രേരകമായത് എന്നും ചിലർ കണ്ടെത്തുന്നു. ശിക്ഷ അനുഗ്രഹമായതിന് ഉദാഹരണമായി അവർ ജയിലിലെ സദ്യകഴിച്ചു കൊഴുത്തഗോവിന്ദച്ചാമിയെ ചൂണ്ടിക്കാട്ടുന്നു. സ്വന്തം കയ്യിൽ കിട്ടിയാൽ നേരിട്ട് ശിക്ഷ നടപ്പിലാക്കാനും സോഷ്യൽ മീഡിയയിലെ ക്രുദ്ധരായ യുവാക്കൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇവരുടെ ഇതേ നിരാശയും പകയും പ്രതികാരവും കോപവും ഈർഷ്യയും അഹങ്കാരവും ഒക്കെത്തന്നെയാണ് ചിലരെ ബലാത്സംഗം, കൊലപാതകം പോലുള്ള കുറ്റകൃത്യങ്ങളിലേക്കും നയിക്കുന്നത് എന്ന വസ്തുത ഇവർ സൗകര്യപൂർവ്വം മറന്നുപോവുന്നു. സ്ത്രീകളെ തുല്യരായെന്നല്ല, മനുഷ്യരായിപ്പോലും പരിഗണിക്കാൻ തയ്യാറില്ലാത്ത, അവരെ വെറും ലൈംഗിക ഉപകരണങ്ങൾ മാത്രമായി കാണുന്ന മനുഷ്യരാണ് ബലാത്സംഗത്തിലെ പ്രതികൾ. അവർക്കെതിരെ വാളുയർത്തുന്നവർ തങ്ങളുടെ ബോധവും അവരുടേതിൽ നിന്നു ഏറെ വ്യത്യസ്തമാണോ എന്ന് ആത്മപരിശോധന നടത്തണം. കുറ്റവാളികൾ മറ്റാരോ ആണ്; തങ്ങൾക്കിതിൽ പങ്കില്ല എന്ന മട്ടിലാണ് ഇവരിൽ പലരുടെ കുറ്റരോപണവും ശിക്ഷാ വിധിയും. സ്ത്രീസമത്വ പ്രശ്നത്തിൽ സ്വന്തം ഉത്തരവാദിത്വങ്ങളിൽ നിന്നും, സ്വയം നടത്തേണ്ട ഒരു ബോധനവീകരണത്തിൽ നിന്നും ഒഴിഞ്ഞുമാറാനുള്ള മനശാസ്ത്രപരമായ ഒരു തന്ത്രം കൂടിയല്ലേ ശിക്ഷയെക്കുറിച്ച് മാത്രമുള്ള ഈ വാചാലത എന്നും സംശയിക്കണം.

ബലാത്സംഗം തടയണമെങ്കിൽ അതിന്റെ അടിസ്ഥാന കാരണങ്ങൾ തന്നെ അന്വേഷിച്ച് പരിഹാര നടപടികൾ ആരംഭിക്കണം. പുരുഷാധികാരവും താൻ പ്രമാണിത്തവും സ്ഥാപിച്ചെടുക്കാനുള്ള അറ്റ കൈ പ്രയോഗമായി ബലാത്സംഗം തിരിച്ചറിയപ്പെടണം. കേവലം ഒരു ലൈംഗിക കുറ്റമായി ബലാത്സംഗത്തെ വിശകലനം ചെയ്യുന്നതുകൊണ്ട് പ്രയോജനമില്ല. സമൂഹത്തിൽ ഉൾച്ചേർന്നു കിടക്കുന്ന സ്ത്രീവിരുദ്ധതയെ വേരോടെ പിഴുതുകളയാൻ തക്ക ജനാധിപത്യബോധം സമൂഹം കൈവരിക്കണം. പ്രതികാരം മൂത്ത് ആരെയെങ്കിലും ചുട്ടുകൊന്നോ തൂക്കിലേറ്റിയോ നേടാവുന്ന ഒന്നല്ല; മറിച്ച്, ഒരു പുതിയ സാംസ്കാരിക അവബോധത്തിലൂടെ നേടിയെടുക്കേണ്ട ഒന്നാണത്.

**കെ. രാമചന്ദ്രൻ, പയ്യന്നൂർ, കണ്ണൂർ.**

## ബിജു.എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

2009 മുതൽ കേരളീയം മാസിക നൽകുന്ന ബിജു. എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മാധ്യമപ്രവർത്തകർക്കും മാധ്യമപ്രവർത്തനത്തിൽ താത്പര്യമുള്ള 35 വയസ്സിൽ താഴെ പ്രായമുള്ള യുവതീ/യുവാക്കൾക്കും അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ വർഷം ഫെല്ലോഷിപ്പിനായി നിശ്ചയിച്ച, **'കാലാവസ്ഥാ വ്യതിയാനവും കേരളത്തിന്റെ മാറുന്ന പരിസ്ഥിതിയും'** എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ഒരു റിപ്പോർട്ടിന്റെ രൂപരേഖയും പ്രവർത്തന പദ്ധതിയും അയച്ചുതരിക. ഒപ്പം നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നത്തെ/വിഷയത്തെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ടും ബയോഡാറ്റ സഹിതം താഴെപ്പറയുന്ന വിലാസത്തിൽ **2015 ജൂൺ 10ന് ഉള്ളിൽ** ലഭിക്കുന്ന രീതിയിൽ അയയ്ക്കുക. ഈ റിപ്പോർട്ടിന്റെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി-മാധ്യമ വിദഗ്ധർ അടങ്ങുന്ന ജൂറി തിരഞ്ഞെടുക്കുന്ന ഒരാൾക്ക് ബിജുവിന്റെ ചരമദിനമായ **ജൂൺ 28ന് തൃശൂരിൽ വച്ച് 10,002** രൂപയുടെ ഫെല്ലോഷിപ്പ് നൽകും.

**കേരളീയം, കൊക്കാലെ, തൃശൂർ - 680021. e-mail: mailkeraleeyam@gmail.com, 0487 2421385**